"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് - മൈനിംഗ് & ജിയോളജി - അനധികൃത മണ്ണ് ഖനനം - കോട്ടയം ജിയോളജിസ്റ്റ് ഡിമാന്റ് ചെയ്ത തുക തവണകളായി ഒടുക്കുന്നതിന് അനുമതി ആവശ്യപ്പെട്ട് ശ്രീ.ഗോൾവിൻ ജോസ്, പറപ്പിള്ളി വീട്, ആലുവ പി.ഒ, എറണാകുളം നൽകിയ അപേക്ഷയിൽ അനുമതി നൽകി ഉത്തരവാകുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.737/2025/ID തീയതി,തിരുവനന്തപുരം, 19-06-2025

---

പരാമർശം:-

1. കോട്ടയം ജിയോളജിസ്റ്റിന്റെ 21/11/2024 തീയതിയിലെ ഡിഒകെഒടി-ഡിഎംജി/1199/2023-എം നമ്പർ ഡിമാന്റ് നോട്ടീസ്.
2. കരുതലും കൈതാങ്ങും മുമ്പാകെ ശ്രീ.ഗോൾവിൻ ജോസ്, പറപ്പിള്ളി വീട്, ആലുവ പി.ഒ, എറണാകുളം നൽകിയ 9.12.2024 ലെ അപേക്ഷ.
3. മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ 11.05.2025 തീയതിയിലെ ഡിഎംജി/278/2025-എം6 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോട്ടയം താലൂക്കിൽ ആനിക്കാട് വില്ലേജിൽ ബ്ലോക്ക് നമ്പർ 46, റീ സർവ്വേ നമ്പർ 235/3 ൽ പെട്ട സ്ഥലത്തു കൊമേഴ്സ്യൽ കെട്ടിടം നിർമ്മിക്കുന്ന ആവശ്യത്തിലേക്കായി സ്ഥലം വികസിപ്പിക്കുന്നതിന് ശ്രീ.ഗോൾവിൻ ജോസ്, പറപ്പിള്ളി വീട്, തൈനോത്ത് കടവ്, ആലുവ (പി.ഒ.) എന്നവർക്ക് 2015 ലെ കെ.എം.എം.സി ചട്ടങ്ങളിലെ ചട്ടം 14(2) പ്രകാരം 6662 $M^3$ സാധാരണ മണ്ണ് നീക്കം ചെയ്യുന്നതിന് കോട്ടയം ജില്ലാ ഓഫീസിൽ നിന്നും നൽകിയ അനുമതിയുടെ മറവിൽ ടിയാൻ 2730.65 $M^{33}$ മണ്ണ് അധികമായി ഖനനം നടത്തിയതായി കണ്ടെത്തുകയും ആയതിനു കോട്ടയം ജില്ലാ ഓഫീസിൽ നിന്നും 10,92,260/- രൂപ ഈടാക്കുന്നതിനു ഡിമാൻഡ് നോട്ടീസ് നൽകുകയും ചെയ്തിട്ടുള്ളതാണ്. ടി ഡിമാൻറ് നോട്ടീസ് സ്റ്റേ ചെയ്യണമെന്നും,ഡിമാന്റ് തുകയിൽ ഇളവനുദിക്കണമെന്നും, ഇളവായി അനുവദിക്കുന്ന തുക 36 മാസത്തവണകളായി ഒടുക്കുന്നതിന് അനുമതിടി തുക 36 ഗഡുക്കളായി ഒടുക്കുന്നതിന് അനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് ടിയാൻ ബഹു. വ്യവസായ മന്ത്രിക്കും ബഹു ജലവിഭവ മന്ത്രിക്കും കരുതലും കൈത്താങ്ങും പദ്ധതിയിൽ ഉൾപ്പെടുത്തി പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ടി തുക രണ്ട് തുല്യതവണകളായി ഒടുക്കുന്നതിന് ശുപാർശ ചെയ്ത് ടി അപേക്ഷയുടെ പകർപ്പ് മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്ത വിവരങ്ങൾ

ചുവടെ ചേർക്കുന്നു:

കോട്ടയം താലൂക്കിൽ ആനിക്കാട് വില്ലേജിൽ ബ്ലോക്ക് നം. 46-ൽ റീസർവ്വേ നം. 235/3-ൽ പ്പെട്ട 17.96 ആർ സ്ഥലത്ത് കൊമേഴ്സ്യൽ കെട്ടിട നിർമ്മാണ ത്തിനായി 6662 $m^3$ സാധാരണ മണ്ണ് നീക്കം ചെയ്യുന്നതിന് കെ.എം.എം.സി ചട്ടങ്ങളിലെ ചട്ടം 14(2) പ്രകാരം പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തു സെക്രട്ടറി അനുവദിച്ച ബിൽഡിംഗ് പെർമിറ്റ്, ഡെവലപ്മെൻറ് പ്ലാൻ, റവന്യൂ രേഖകൾ എന്നിവയുടെ അടിസ്ഥാനത്തിൽ ശ്രീ. ഗോൾവിൻ ജോസ്, പറപ്പിള്ളി വീട്, ആലുവ. പി.ഒ, എറണാകുളം എന്ന വ്യക്തിയ്ക്ക് ജില്ലാ ആഫീസിൽ നിന്നും ട്രാൻസിറ്റ് പാസുകൾ അനുവദിച്ചിരുന്നതാണ്. തുടർന്ന് 08/05/2023-ൽ കോട്ടയം ജില്ലാ ജിയോളജി ആഫീസിൽ നിന്നും നടത്തിയ സ്ഥലപരിശോധനയിൽ അനുവദിച്ചതിലധികമായി ടി സ്ഥലത്തു നിന്നും സാധാരണ മണ്ണ് ഖനനം നടത്തിയതായി കണ്ടെത്തുകയും മഹസ്സർ തയ്യാറാക്കി അന്നേ ദിവസം തന്നെ ബിൽഡിംഗ് പെർമിറ്റ് ഉടമയ്ക്ക് സ്റ്റോപ്പ് മെമ്മോ നൽകുകയും 7 ദിവസങ്ങൾക്കുള്ളിൽ വിശദീകരണം ആവശ്യപ്പെടുകയും 09/05/2023 തീയതിയിൽ പ്രസ്തുത വിവരം പള്ളിക്കത്തോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ആനിക്കാട് വില്ലേജ് ഓഫീസർ എന്നിവരെ രേഖാമൂലം അറിയിക്കുകയും ചെയ്തിരുന്നതാണ്. എന്നാൽ താൻ സ്ഥലത്ത് ഇല്ലാത്തതിനാൽ നോട്ടീസിനു മറുപടി നൽകുവാൻ 2 ആഴ്ചത്തെ സാവകാശം വേണമെന്ന് ആവശ്യപ്പെട്ട് 19/05/23-ൽ ശ്രീ.ഗോൾവിൻ ജോസ് ജില്ലാ ഓഫീസിൽ അപേക്ഷ നൽകുകയുണ്ടായി. തുടർന്ന് പള്ളിക്കത്തോട് ഗ്രാമപഞ്ചായത്തു സെക്രട്ടറി ജില്ലാ ഓഫീസിൽ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം ടി സ്ഥലത്തു നിന്നും ആകെ 9392.65 ക്യൂബിക് മീറ്റർ സാധാരണ മണ്ണ് നീക്കം ചെയ്തതായി അറിയിച്ചിരുന്നു.

കെട്ടിട നിർമ്മാണത്തിനായി സ്ഥലം ഡെവലപ്പ് ചെയ്യുന്നതിനായി അനുവദിച്ച പ്ലാൻ പ്രകാരം ശുപാർശ ചെയ്തതിലധികം സാധാരണ മണ്ണ് നീക്കം ചെയ്യണമെന്നാവശ്യപ്പെട്ടും, 08/05/2023 തീയതിയിൽ നൽകിയ സ്റ്റോപ്പ് മെമ്മോയ്ക്കെതിരേയും ബഹു. ഹൈക്കോടതി മുൻപാകെ ശ്രീ.ഗോൾവിൻ ജോസ് ഫയൽ ചെയ്ത WP(C) നം.16553/2023 കേസിലെ ഇടക്കാല ഉത്തരവിനു വിധേയമായി സ്ഥലമുടമയുടെ പ്രതിനിധി ശ്രീ. ജോസുകുട്ടി എന്നയാളുടെ സാന്നിദ്ധ്യത്തിൽ മിനറൽ സ്ക്വാഡ് അസിസ്റ്റന്റ് ജിയോളജിസ്റ്റ് 06/06/2023 തീയതിയിൽ സ്ഥല പരിശോധന നടത്തുകയുണ്ടായി. ആയതിൽ അനുവദിച്ചതിലധികം ധാതു ഖനനം നടത്തിയതായി ബോദ്ധ്യപ്പെട്ടിട്ടുള്ളതും തുടർ അനുമതി നൽകാനാവില്ലെന്ന് 03/06/2023 തീയതിയിൽ അപേക്ഷകനെ അറിയിച്ചിരുന്നതുമാണ്.

6662 $M^3$ സാധാരണ മണ്ണ് നീക്കുവാനുള്ള അനുമതിയുടെ മറവിൽ 9392.65 ക്യൂബിക് മീറ്റർ സാധാരണ മണ്ണ് നീക്കം ചെയ്ത സാഹചര്യത്തിൽ അധികമായി നീക്കം ചെയ്ത 2730.65 ക്യൂബിക് മീറ്ററിന് ചട്ടം 14(8) പ്രകാരം റോയൽറ്റിയുടെ (80 രൂപ/$M^3$) 5 മടങ്ങ് തുകയും കോമ്പൗണ്ടിംഗ് ഫീസും ഈടാക്കുന്നതിന് മുന്നോടിയായി 10/07/23 തീയതിയിൽ ശ്രീ. ഗോൾവിൻ ജോസിന് ആദ്യ കാരണം കാണിക്കൽ നോട്ടീസ് നൽകുകയും, ടി നോട്ടീസിനോട് പ്രതികരിക്കാത്തതിനെ തുടർന്ന് 26/07/23-ൽ പുതുക്കിയ കാരണം കാണിക്കൽ നോട്ടീസും നൽകിയെന്നും, ടി നോട്ടീസുകളിൽ നോട്ടപ്പിശക് മൂലമുണ്ടായ പിഴവുകൾ തിരുത്തി 17/05/24-ലെ കത്തിലൂടെ ടിയാൻ ഒടുക്കേണ്ട തുക സംബന്ധിച്ച് അറിയിപ്പ് നൽകുകയുണ്ടായെന്നും ജിയോളജിസ്റ്റ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ടി നോട്ടീസിനെതിരെ ബഹു. ഹൈക്കോടതി മുൻപാകെ ടിയാൻ ഫയൽ ചെയ്ത ഡബ്ലിയുപി(സി) നം.25539/2023 കേസിലെ 04/08/2023 -ലെ ഉത്തരവ്, തുടർ ഉത്തരവുകൾ എന്നിവ പ്രകാരം ജിയോളജിസ്റ്റിന്റെ 10/07/23 തീയതിയിലെ നോട്ടീസ് പ്രകാരമുള്ള

തുടർനടപടികൾ സ്റ്റേ ചെയ്തിട്ടുള്ളതാണ്. ഡബ്ല്യൂപി(സി) നം. 25539/2023 കേസിലെ 04/09/24 തീയതിയിലെ വിധിന്യായത്തിന്റെയും ടിയാൻ സമർപ്പിച്ച 26/09/2024 -ലെ അപേക്ഷയുടെയും അടിസ്ഥാനത്തിൽ 08/10/2024 -ൽ മുൻകൂർ നോട്ടീസ് നൽകി പെറ്റീഷണറെ 18/10/24 -ൽ നേരിൽ കേൾക്കുകയും അന്നേ ദിവസം ടിയാൻ സമർപ്പിച്ച മറുപടി പരിഗണിച്ച് പ്രസ്തുത സ്ഥലം 24/10/2024 -ൽ പരിശോധന നടത്തുന്നതിന് നോട്ടീസ് നൽകുകയും പെറ്റീഷണറുടെ പ്രതിനിധി ശ്രീ.ജോസുകുട്ടിയുടെ സാന്നിദ്ധ്യത്തിൽ 24/10/2024 ന് തന്നെ സ്ഥലപരിശോധന നടത്തുകയും ചെയ്തതായും, സ്ഥലപരിശോധനയിൽ മുൻ അളവെടുപ്പുകൾക്ക് സമാനമായി 6662 ക്യൂ.മീറ്റർ$^3$ സാധാരണ മണ്ണ് നീക്കം ചെയ്യുവാനുള്ള അനുമതികളുടെ മറവിൽ 2730.65 ക്യൂബിക് മീറ്റർ സാധാരണ മണ്ണ് കൂടുതലായി ഖനനം ചെയ്തു നീക്കിയതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ കെ.എം.എം.സി ചട്ടങ്ങളിലെ ചട്ടം 14(8) പ്രകാരം അധികമായി ഖനനം ചെയ്തു നീക്കിയ 2730.65 ക്യൂബിക് മീറ്റർ (5461.3 മെട്രിക് ടൺ) സാധാരണ മണ്ണിന് റോയൽറ്റിയുടെ (40 രൂപ/ടൺ) ) 5 മടങ്ങ് (5461.3 x 40 x 5 = 10,92,260/- രൂപ) ഒടുക്കികുറ്റം രാജിയാക്കുന്നതിന് സ്ഥലമുടമയായ ശ്രീ. ഗോൾവിൻ ജോസിന് 21/11/2024 തീയതിയായി ഡിമാൻറ് നോട്ടീസ് നൽകിയിരുന്നതാണ്. ടി തുക ഗഡുക്കളായി ഒടുക്കുന്നതിനുള്ള അനുമതിക്കാണ് അപേക്ഷകൻ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. കക്ഷിയിൽ നിന്നും കുടിശ്ശിക തുക 2 തുല്യ ഗഡുക്കളായി 21/11/2024 മുതലുള്ള നിയമാനുസൃത സാധാരണ പലിശ സഹിതം ഈടാക്കാവുന്നതാണ്.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഡബ്ല്യൂപി(സി) നം. 25539/2023 കേസിലെ 04/09/24 വിധിന്യായത്തിന്റെയും ടിയാൻ സമർപ്പിച്ച 26/9/2024 -ലെ അപേക്ഷയുടെയും അടിസ്ഥാനത്തിൽ കോട്ടയം ജില്ലാ ജിയോളജി ഓഫീസിൽ നിന്നും 08/10/2024 -ൽ മുൻകൂർ നോട്ടീസ് നൽകി പെറ്റീഷണറെ 18/10/24 -ൽ നേരിൽ കേട്ട് അന്നേ ദിവസം ടിയാൻ സമർപ്പിച്ച മറുപടി പരിഗണിച്ച് പ്രസ്തുത സ്ഥലം 24/10/2024 -ൽ പരിശോധന നടത്തുന്നതിന് നോട്ടീസ് നൽകുകയും പെറ്റീഷണറുടെ പ്രതിനിധി ശ്രീ.ജോസുകുട്ടിയുടെ സാന്നിദ്ധ്യത്തിൽ 24/10/2024-ൽ തന്നെ സ്ഥലപരിശോധന നടത്തി, സ്ഥലപരിശോധനയിൽ മുൻ അളവെടുപ്പുകൾക്ക് സമാനമായി 6662 $m^{33}$ സാധാരണ മണ്ണ് നീക്കം ചെയ്യുവാനുള്ള അനുമതികളുടെ മറവിൽ 2730.65 ക്യൂബിക് മീറ്റർ കൂടുതലായി സാധാരണ മണ്ണ് ഖനനം ചെയ്തു നീക്കിയതായി ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് അധികമായി ഖനനം ചെയ്തു നീക്കിയ 2730.65 ക്യൂബിക് മീറ്റർ (5461.3 മെട്രിക് ടൺ) സാധാരണ മണ്ണിന് കെ.എം.എം.സി ചട്ടങ്ങളിലെ ചട്ടം 14(8) പ്രകാരം പെനാൽറ്റിയായി റോയൽറ്റിയുടെ (40 രൂപ/ടൺ) 5 മടങ്ങ് (5461.3 x 40 x 5 = 10,92,260/- രൂപ) ഒടുക്കി കുറ്റം രാജിയാക്കുന്നതിന് സ്ഥലമുടമയായ ശ്രീ. ഗോൾവിൻ ജോസിന് 21/11/2024 തീയതിയായി കോട്ടയം ജില്ലാ ജിയോളജിസ്റ്റ് ഡിമാന്റ് നോട്ടീസ് നൽകിയത്. ഈ സാഹചര്യത്തിൽ പ്രസ്തുത ഡിമാന്റ് നോട്ടീസ് സ്റ്റേ ചെയ്യുന്നതിനോ ഇളവ് അനുവദിക്കുന്നതിനോ സാധിക്കുകയില്ല. എന്നാൽ ഡിമാന്റ് തുക മാസത്തവണകളായി ഒടുക്കുന്നതിന് അനുമതി നൽകണമെന്ന അപേക്ഷകന്റെ ആവശ്യം പരിഗണിച്ച് 21/11/2024 തീയതി മുതലുള്ള നിയമാനുസൃത പലിശ സഹിതം ടി തുക 4 തുല്യ മാസ ഗഡുക്കളായി ഒടുക്കുന്നതിന്, മാസഗഡു അടയ്ക്കുന്നതിൽ ഏതെങ്കിലും തരത്തിലുള്ള വീഴ്ച വരുത്തിയാൽ പിന്നീട് ഗഡുക്കളായി അടയ്ക്കുന്നതിന് അവസരം നഷ്ടപ്പെടുമെന്ന വ്യവസ്ഥയിൽ 2015 ലെ കെ.എം.എം.സി (ഭേദഗതി) ചട്ടങ്ങളിലെ ചട്ടം 115 പ്രകാരം ശ്രീ.ഗോൾവിൻ ജോസിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബി അജിത

അഡിഷണൽ സെക്രട്ടറി

ശ്രീ.ഗോൾവിൻ ജോസ്, പറപ്പിള്ളി വീട്, ആലുവ പി.ഒ, എറണാകുളം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), തിരുവനന്തപുരം.

ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം.

ജില്ലാ ജിയോളജിസ്റ്റ്, കോട്ടയം.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sachin V R
Date: 19-06-2025 13:28:40

സെക്ഷൻ ഓഫീസർ.